കുറ്റ്യാടി ഒന്നാംഘട്ടം പദ്ധതിയുടെ കൺസൾട്ടൻസി സംബന്ധിച്ച കരാർ

82 (3483)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ഒന്നാംഘട്ട പദ്ധതിയുടെ കൺസൾട്ടൻസി സംബന്ധിച്ച കരാർ എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിയുമായി എന്നാണ് ഒപ്പുവച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രോജക്ടിന് ആവശ്യമായ മെഷിനറി കാനഡയിൽ നിന്ന് എസ്.എൻ.സി ലാവ്‌ലിൽ മുഖേന വരുത്താൻ ഓർഡർ കൊടുത്തത് എന്നാണ്;

(സി) ഇൻഡ്യൻ കമ്പനികളെ ഒഴിവാക്കി ടെൻഡർ വിളിക്കാതെ ഇതിനാവശ്യമായ മെഷിനറികൾ വാങ്ങിയവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) കെ.എസ്.ഇ.ബി.യ്ക്ക് ആവശ്യമായിവരുന്ന ഇലക്ട്രിക് പോസ്റ്റുകൾ വാർക്കുന്നതുസംബന്ധിച്ച് കെ.എസ്.ഇ.ബി. ടെൻഡർ വിളിച്ചിരുന്നോ;

(ഇ) പ്രസ്തുത ടെൻഡറിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് പങ്കെടുത്തതെന്നും അവ ഓരോന്നും എത്ര തുകയാണ് കാട്ട് ചെയ്തിരുന്നതെന്നും വ്യക്തമാക്കുമോ;

(എഫ്)പ്രസ്തുത ടെൻഡർ ക്യാൻസൽ ചെയ്യാൻ ഉണ്ടായ കാരണം വ്യക്തമാക്കുമോ;

(ജി) ഇത് സംബന്ധിച്ച് സുപ്രീം കോടതിയുടെ ട്രൈബ്യൂണലിന്റെ വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(എച്ച്) ഇപ്പോൾ പോസ്റ്റ് വാർക്കുന്നത് സംബന്ധിച്ച ജോലി ഏത് സ്ഥാപനത്തിന് എന്ത് തുകയ്ക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 29-05-1995-ൽ

(ബി) പ്രത്യേക ഓർഡർ നൽകിയിട്ടില്ല; ഇത് സംബന്ധിച്ച വ്യവസ്ഥ 29-05-1995-ൽ ഒപ്പുവച്ച കരാറിൽ ഉൾക്കൊള്ളിച്ചിരുന്നു.

(സി) കെ.എസ്.ഇ.ബി.യും പ്രസ്തുത കമ്പനിയും തമ്മിൽ ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് വർക്ക് നൽകിയിട്ടുള്ളത്.

(ഡി) ടെൻഡർ നമ്പർ സി ആൻറ് പി 38/97-98 പ്രകാരം കേരളത്തിലെ പതിനഞ്ച് ഇലക്ട്രിക്കൽ സർക്കിളുകളിലേയ്ക്കാണ് ടെൻഡർ ക്ഷണിച്ചിരുന്നതെങ്കിലും സാങ്കേതിക കാരണങ്ങളാൽ ടി ടെൻഡർ റദ്ദാക്കുകയുണ്ടായി തുടർന്ന് പി.സി.39/98-99 പ്രകാരം 17 ഇലക്ട്രിക്കൽ സർക്കിളുകളിലേയ്ക്കും, മങ്ങാട്ട് പറമ്പിലെ ഡിപ്പാർട്ടുമെന്റ് യാർഡിലേയ്ക്കും പോസ്റ്റുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിലേയ്ക്ക് ടെൻഡർ വിളിച്ചിരുന്നു.

(ഇ) പ്രസ്തുത ടെൻഡർ പ്രകാരം (ടെൻഡർ നമ്പർ 38/97-98) പതിനഞ്ച് സർക്കിളുകളിലേയ്ക്ക് വിവിധ കമ്പനികളും കോൺട്രാക്ടർമാരും കാട്ട് ചെയ്തിരുന്ന റേറ്റുകളുടെ വിശദവിവരം അനുബന്ധം - 1 ൽ(†) ചേർത്തിട്ടുണ്ട്.(പോസ്റ്റിന്റെ വില ആദ്യ അഞ്ചു കിലോമീറ്റർ ദൂരത്തുള്ള

LIBRARY ARCHIVES Kerala Legislative Assembly

ട്രാൻസ്പോർട്ടിംഗ് ചാർജ് (കയറ്റി ഇറക്കുകൂലി ഉൾപ്പടെ) അധിക ഓരോ കിലോമീറ്റർ ദൂരത്തിനുമുള്ള ട്രാൻസ്പോർട്ടിംഗ് ചാർജ് എന്ന കണക്കിൽ)

(എഫ്) റദ്ദാക്കപ്പെട്ട ടെൻഡറിലെ നിബന്ധന പോൾ നിർമ്മിക്കുന്നതിന് ആവശ്യമായ സിമെന്റും കമ്പിയും ബോർഡുതന്നെ കരാറുകാർക്ക് ലഭ്യമാക്കികൊടുക്കും എന്നുള്ളതായിരുന്നു. എന്നാൽ ടി മെറ്റീരിയൽസിന്റെ കൈമാറ്റം സംസ്ഥാനത്തിനുള്ളിലെ ഒരു വിൽപ്പനയായി കണക്കാക്കി വില്പന നികുതി ഈടാക്കാം എന്ന് സമാനമായ ഒരു കേസിൽ സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ ബോർഡിന് ഉപദേശം ലഭിച്ച സാഹചര്യത്തിലും ഒരുകരാറുകാരന് ഒന്നിൽ കൂടുതൽ വർക്ക് ലഭിക്കുന്ന അവസരത്തിൽ ബോർഡ് അധിക നിരക്കിൽ എക്സൈസ് തീരുവ അടയ്ക്കേണ്ടിവരുന്നതിനാൽ ടെൻഡറിന്റെ മൂല്യനിർണ്ണയം സങ്കീർണ്ണമാകുകയും ചെയ്ത സാഹചര്യത്തിലുമാണ് ടെൻഡർ റദ്ദാക്കുവാൻ നിർബന്ധിതമായത് എന്നാണ് ബോർഡ് അറിയിച്ചിട്ടുള്ളത്. പുതിയ ടെൻഡറിൽ പോസ്റ്റുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ സിമന്റും കമ്പിയും കരാറുകാർ തന്നെ ശേഖരിച്ച് ഉപയോഗിക്കണമെന്ന വ്യവസ്ഥ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ജി) സുപ്രീംകോടതി വിധിയുടെ പകർപ്പ് ഇതോടൊപ്പം വച്ചിട്ടുണ്ട്. (അനുബന്ധം 2)+

(എച്ച്) പോസ്റ്റുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിലേയ്ക്കായി വിവിധ കരാറുകാർക്ക് നൽകിയ റേറ്റിന്റെ വിശദവിവരങ്ങൾ അനുബന്ധം 3-ൽ ചേർത്തിട്ടുണ്ട്.

വൈദ്യുതി ബോർഡിലെ മെമ്പർമാരുടെ എണ്ണം

83 (3484)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി രണ്ടാം ഘട്ട പദ്ധതിയുടെ മൊത്തം അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രോജക്ടിന്റെ കൺസൾട്ടന്റായി എസ്.എൻ.സി.ലാവലിൻ കമ്പനിയെ എന്നാണ് നിയമിച്ചത്;

(സി) ബി.എച്ച്.ഇ.എൽ. ഇത് സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡിന് എഴുതിയ കത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത വർക്ക് ഏത് കമ്പനിക്ക് എന്തു തുകയ്ക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇത് സംബന്ധിച്ച് ടെണ്ടർ വിളിച്ചിരുന്നോ; ഏതെല്ലാം കമ്പനികളാണ് ടെണ്ടറിൽ പങ്കെടുത്തതെന്നും എന്തു തുകയാണ് അവർ ഓരോന്നും കാട്ട് ചെയ്തതെന്നും വ്യക്തമാക്കാമോ;

(എഫ്) ഈ പ്രോജക്ടിന്റെ പ്രവർത്തനത്തിൽ വന്ന ക്രമക്കേടുകളെക്കുറിച്ച് പത്രമാദ്ധ്യമങ്ങളിൽ വന്ന ആരോപണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) പ്രസ്തുത ആരോപണം സംബന്ധിച്ച് പവർ സെക്രട്ടറി അന്വേഷിക്കും എന്ന് മന്ത്രി നിയമസഭയിൽ നൽകിയ ഉറപ്പ് പാലിച്ചിട്ടുണ്ടോ;

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly